**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 120** **18-01-2021 - ൽ മറുപടിയ്ക്ക്**

**അൺഎയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . വി. ടി. ബൽറാം ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീമതി ഷാനിമോൾ ഉസ്മാൻ | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | അൺഎയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ അമിത ഫീസ് ഈടാക്കുന്നു എന്നതും അദ്ധ്യാപക അനദ്ധ്യാപകർക്ക് കൃത്യമായ രീതിയിൽ ശമ്പളം കൊടുക്കാതെ അവരെ ചൂഷണം ചെയ്യുന്നുവെന്നതും വസ്തുതയല്ലേയെന്ന് അറിയിക്കുമോ ; | (എ) | അൺഎയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ അമിത ഫീസ് ഈടാക്കുന്നു എന്നതും അദ്ധ്യാപക അനദ്ധ്യാപകർക്ക് കൃത്യമായ രീതിയിൽ ശമ്പളം കൊടുക്കാതെ അവരെ ചൂഷണം ചെയ്യുന്നുവെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അൺഎയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് CBSE/ICSE അഫിലിയേഷനുള്ള NOC അനുവദിക്കുന്നതിനും സംസ്ഥാന സിലബസിലുള്ള സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനും വേണ്ടി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ അധ്യാപകർക്കും അനധ്യാപകർക്കും സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി ശമ്പളം നൽകണമെന്ന് വ്യവസ്ഥയുണ്ട്. ടി മാനദണ്ഡത്തിലെ വ്യവസ്ഥകൾ പാലിക്കണമെന്ന നിബന്ധനയോടെയാണ് വിവിധ അൺ എയ്ഡഡ് സ്കൂളുകൾക്ക് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതിനുള്ള അനുമതി സർക്കാർ നൽകിവരുന്നത്. ബഹു. ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, കോവിഡ്-19 മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി കണക്കിലെടുത്ത് സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും 2020-21അദ്ധ്യയന വർഷത്തിൽ അമിത ഫീസ് ഈടാക്കരുതെന്നും യഥാർത്ഥ ചെലവുകൾക്കതീതമായി കൂടുതൽ തുക പിരിക്കരുതെന്നും നിർദ്ദേശം നൽകിക്കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ആയത് ഉറപ്പാക്കുന്നതിന് വേണ്ടി CBSE/ICSE സ്കൂളുകൾ പരിശോധിക്കുവാനും സ്കൂളുകൾ വിദ്യാർത്ഥികൾക്ക് നൽകുന്ന സൗകര്യങ്ങൾക്ക് അനുസൃതമായുള്ള |

| | | | |
|---|---|---|---|
| | | | ഫീസാണോ ഈ കാലയളവിൽ ഈടാക്കുന്നതെന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സ്കൂളുകളിൽ ഈടാക്കുന്ന ഫീസ് സംബന്ധിച്ച നിബന്ധന പുറപ്പെടുവിക്കുന്നതിന് വേണ്ടി നിയമനിർമ്മാണം നടത്തുന്നതിലേക്കായി പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. അൺഎയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ ജോലി ചെയ്യുന്ന അനദ്ധ്യാപകർക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് തൊഴിലും നൈപുണ്യവും വകുപ്പ് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരം ജീവനക്കാരെ മിനിമം വേതനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത വിഭാഗം ജീവനക്കാരുടെ പരാതികളിൽ തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം അന്വേഷണം നടത്തി കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമഗ്രമായ നിയമനിർമ്മാണം കൊണ്ടുവരുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | ഉണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് CBSE/ICSE അഫീലിയേഷനുള്ള NOC അനുവദിക്കുന്നതിനും സംസ്ഥാന സിലബസിലുള്ള സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനും വേണ്ടി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ അധ്യാപകർക്കും അനധ്യാപകർക്കും സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി ശമ്പളം നൽകണമെന്ന് വ്യവസ്ഥയുണ്ട്. ടി മാനദണ്ഡത്തിലെ വ്യവസ്ഥകൾ പാലിക്കണമെന്ന നിബന്ധനയോടെയാണ് വിവിധ അൺ എയ്ഡഡ് സ്കൂളുകൾക്ക് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതിനുള്ള അനുമതി സർക്കാർ നൽകിവരുന്നത്. ബഹു. ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, കോവിഡ്-19 മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി കണക്കിലെടുത്ത് സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും 2020-21അദ്ധ്യയന വർഷത്തിൽ അമിത ഫീസ് ഈടാക്കരുതെന്നും യഥാർത്ഥ ചെലവുകൾക്കതീതമായി കൂടുതൽ തുക പിരിക്കരുതെന്നും നിർദ്ദേശം നൽകിക്കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ആയത് ഉറപ്പാക്കുന്നതിന് വേണ്ടി CBSE/ICSE സ്കൂളുകൾ പരിശോധിക്കുവാനും സ്കൂളുകൾ വിദ്യാർത്ഥികൾക്ക് നൽകുന്ന സൗകര്യങ്ങൾക്ക് അനുസൃതമായുള്ള |

| | | | |
|---|---|---|---|
| | | | ഫീസാണോ ഈ കാലയളവിൽ ഈടാക്കുന്നതെന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സ്കൂളുകളിൽ ഈടാക്കുന്ന ഫീസ് സംബന്ധിച്ച നിബന്ധന പുറപ്പെടുവിക്കുന്നതിന് വേണ്ടി നിയമനിർമ്മാണം നടത്തുന്നതിലേക്കായി പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. അൺഎയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ ജോലി ചെയ്യുന്ന അനദ്ധ്യാപകർക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് തൊഴിലും നൈപുണ്യവും വകുപ്പ് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരം ജീവനക്കാരെ മിനിമം വേതനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത വിഭാഗം ജീവനക്കാരുടെ പരാതികളിൽ തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം അന്വേഷണം നടത്തി കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | അൺഎയ്ഡഡ് മേഖലയിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സേവന വ്യവസ്ഥകൾ ശരിയായ രീതിയിൽ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ അടിയന്തര ഇടപെടൽ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തെ അംഗീകാരമുള്ള അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിനും അദ്ധ്യാപകർക്ക് മിനിമം വേതനമെങ്കിലും ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമ നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് ഒാർഡിനൻസ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ടിലെ എല്ലാ വ്യവസ്ഥകളും അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരടക്കമുള്ളവർക്ക് ബാധകമാക്കി 06.03.2020-ലെ ജി.ഒ.പി നം.35/2020/തൊഴിൽ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അൺഎയ്ഡഡ് സ്കൂളുകളിലെ അനദ്ധ്യാപകരെ മിനിമം വേതനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി മേഖലയിലെ മിനിമം വേതനവും സേവന വ്യവസ്ഥകളും പുതുക്കി നിശ്ചയിച്ചുക്കൊണ്ട് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകേതര ജീവനക്കാരുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെൻറ് വിഭാഗം ഉദ്യോഗസ്ഥർ ടി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരിശോധനകൾ |

| | | | |
|---|---|---|---|
| | | | നടത്തി മിനിമം വേതനം നൽകാത്ത കേസുകളിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്ത് തുടർനടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ